*പത്രക്കുറിപ്പ്* *19.08.2017*

## യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന

## പ്രഥമ പരിഗണന-മുഖ്യമന്ത്രി

കൊച്ചി: യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന സംസ്ഥാന സർക്കാർ പ്രഥമ പരിഗണന നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിലെ യുവതയുടെ കർമശേഷിയ്ക്ക് അതിരില്ലെന്ന് തെളിയിക്കുന്നതാണ് ഇവിടെ സ്റ്റാർട്ടപ്പുകളുടെ വളർച്ച. ഇവരുടെ എല്ലാ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കാൻ സർക്കാർ കൂടുതൽ ശ്രദ്ധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് ഉച്ചകോടിയായ ഐഇഡിസി 2017-ൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സ്കൂൾ വിദ്യാർത്ഥി സാരംഗിനെപ്പോലെ നിരവധി പ്രതിഭകളാണ് കേരളത്തിലെ യുവജനതയിൽ ഉള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്റ്റാർട്ടപ്പ് മേഖലയിൽ നമ്മുടെ നാടിന്റെ കർമ്മശേഷി വിളിച്ചോതുന്ന നിരവധി മാതൃകകൾ ഈ മേളയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. അതിനപ്പുറമുള്ള കാര്യങ്ങളും നമ്മുടെ യുവജനത ചെയ്യുമെന്ന് തനിക്കുറപ്പാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആംബുലൻസുകൾക്ക് ട്രാഫിക് സിഗ്നലുകളിൽ ഓട്ടോമാറ്റിക്കായി പച്ച ലൈറ്റ് തെളിയിക്കുന്ന ആപ്ലിക്കേഷൻ പോലീസിനു നൽകുന്ന ചടങ്ങും അദ്ദേഹം നിർവഹിച്ചു. കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എം.പി ദിനേശും ചടങ്ങിൽ സംബന്ധിച്ചു.

ഇന്ത്യയിൽ ഇതുവരെ കണ്ടതിൽവച്ചേറ്റവും ഊർജസ്വലമായ സ്റ്റാർട്ടപ് മാതൃകയാണ് കേരളത്തിൽ കാണുന്നതെന്നും ഇത് രാജ്യമാകെ വ്യാപിപ്പിക്കേണ്ടതുണ്ടെന്നും കേന്ദ്ര ടെലികോം സെക്രട്ടറി അരുണ സുന്ദർരാജ് പറഞ്ഞു. 2020 ആകുമ്പോഴേയ്ക്കും ഒരു പുതിയ ഇന്ത്യയും കേരളവുമാണ് ഇവിടെ കാണേണ്ടത്. നിങ്ങൾ എന്താണ് ഇനി ചെയ്യാൻ പോകുന്നതെന്ന് രാജ്യം ഉറ്റുനോക്കുകയാണ്. സംസ്ഥാന സർക്കാരും കെഎസ്‌യുഎമ്മും ഇക്കാര്യത്തിൽ മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നതെന്ന് അരുണ സുന്ദർരാജ് ചൂണ്ടിക്കാട്ടി.

വിദ്യാർത്ഥി തലം മുതൽ ഇൻകുബേഷൻ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്ന് സംസ്ഥാന ഐടി സെക്രട്ടറി എം.ശിവശങ്കർ പറഞ്ഞു. കോളേജുകളിൽ സ്റ്റാർട്ടപ്പുകൾ ആദ്യമായി തുടങ്ങിയ സംസ്ഥാനമാണ് കേരളമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. രാവിലെ നടന്ന ചടങ്ങിൽ ഐഇഡിസി ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള സ്റ്റാർട്ടപ്പ് മിഷന്റെ സ്റ്റാറ്റസ് റിപ്പോർട്ടും അദ്ദേഹം പ്രകാശനം ചെയ്തു.

പരീക്ഷണങ്ങളിലൂടെ മാത്രമേ സ്റ്റാർട്ടപ്പ് രംഗം വികസിക്കൂ എന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ സജി ഗോപിനാഥ് പറഞ്ഞു. ഐഇഡിസിയുടെ പ്രധാന ഉദ്ദേശ്യം തന്നെ വിദ്യാർത്ഥികൾക്കും തുടക്കക്കാർക്കും ഇത്തരം പരീക്ഷണം നടത്താൻ വേദിയൊരുക്കുകയെന്നതാണ്. പരാജയപ്പെടുന്ന പരീക്ഷണങ്ങളാണ് കൂടുതലും. എന്നാൽ അതിലൂടെ മാത്രമേ മികച്ച ആശയം സാധ്യമാക്കാൻ പറ്റൂവെന്നും അദ്ദേഹം പറഞ്ഞു. പരീക്ഷണം, നൂതന കണ്ടുപിടുത്തം, ഇൻക്യുബേഷൻ എന്നിവയാണ് അതിനായി വേണ്ടത്. സംരംഭകരിൽ അവബോധം വളർത്തുന്നതിന് ഐഇഡിസി വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിന് അടുത്ത സിലിക്കൺവാലിയാകാനുള്ള എല്ലാ സാധ്യതകളുമുണ്ടെന്ന് കേരളസാങ്കേതിക സർവകലാശാല വൈസ്ചാൻസിലർ ഡോ കുഞ്ചറിയാ പി ഐസക് പറഞ്ഞു. സംരംഭകത്വം വളർത്തുന്നതിനുള്ള വിവിധ പദ്ധതികൾ കോളേജുകൾ വഴി ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സാങ്കേതികവിദ്യ ഇന്ത്യയിൽ വൈകി എത്തിയിരുന്ന കാലം കഴിഞ്ഞുവെന്ന് ഗൂഗിൾ ഇന്ത്യയുടെ സിഇഒ രാജൻ ആനന്ദ് പറഞ്ഞു. ഇന്ത്യയിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളെ ഇന്ന് ലോകം പ്രതീക്ഷയോടെയാണ് നോക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. തെങ്ങ് അടിസ്ഥാനമാക്കി പോലും ഇവിടെ സ്റ്റാർട്ടപ്പുകൾ വരുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഒരു വർഷമായി ഡിജിറ്റൽ രംഗത്ത് രാജ്യത്ത് വിപ്ലമാത്മകമായ മാറ്റമാണ് നടക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഫേസ്ബുക്ക് ഡെവലപ്പർ കമ്മ്യൂണിറ്റിയുടെ കൊച്ചിയിലെ ഉദ്ഘാടനവും ചടങ്ങിനൊപ്പം നടന്നു. നിരവധി നിക്ഷേപകരുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ ഉച്ചകോടിയിൽ വച്ച് ധാരണാപത്രം ഒപ്പിട്ടു.

G3B, Thejaswini, Technopark Campus, Kariyavattom, Trivandrum, Kerala 695581, Tel: 0471-2700270, Fax: 0471-2700224, www.startupmission.kerala.gov.in